## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 213

01.12.2014 -ലെ മറുപടിക്ക്

### അഹബിന്റെ മരണം സംബന്ധിച്ച അന്വേഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം, ബാംഗ്ലൂർ സോലദേവനഹള്ളി ആചാര്യ പോളിടെക്നിക്കിൽ പഠിച്ചുകൊണ്ടിരിക്കെ കോളേജിൽ വച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാഗിംങ്ങിനും ആക്രമണത്തിനും വിധേയനായി ചികിത്സയിലിരിക്കെ 10.03.2014ൽ മരണമടഞ്ഞ സംഭവത്തിൽ രക്ഷിതാക്കൾ നൽകിയ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) അഹബിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) മരണപ്പെട്ട അഹബ് ഇബ്രാഹിമിന്റെ പിതാവ് സയ്യദ് ഇബ്രാഹിം, ടി അഹബ് ഇബ്രാഹിം മരണപ്പെടുന്നതിനു മുമ്പ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ ചാലക്കുടി ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽവെച്ച് മരണപ്പെട്ട അഹബ് ഇബ്രാഹിം പഠിച്ചിരുന്ന ബാംഗ്ലൂർ സോലദേവനഹള്ളി ആചാര്യ എൻജിനീയറിംഗ് കോളേജിലെ സഹപാഠികളെ ഫോണിൽ വിളിച്ച് കാര്യം തിരക്കിയതിൽ, മുമ്പ് മുതിർന്ന വിദ്യാർത്ഥികളിൽ നിന്നും അഹബിന് റാഗിങ്ങിനെ തുടർന്ന് തലയ്ക്ക് പരിക്ക് പറ്റിയിരുന്നെന്നും 21.01.2014-ാം തീയതി ബാത്റൂമിൽ അബോധാവസ്ഥയിൽ കിടക്കുന്നത് കണ്ട് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതായും, ഇന്റിമേഷൻ പ്രകാരം അവിടത്തെ പോലീസുകാർ ആശുപത്രിയിൽ വന്നുവെങ്കിലും ടി അഹബ് അബോധാവസ്ഥയിൽ ആയതിനാൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല എന്നും അറിവായിട്ടുണ്ട്. വിദഗ്ധ ചികിത്സാ സൗകര്യാർത്ഥം അഹബിനെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയും തുടർന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 10.03.2014-ാം തീയതി അഹബ് മരണപ്പെട്ടിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിന് ക്രൈം നം. 363/2014 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും സംഭവസ്ഥലം ബാംഗ്ലൂർ ആയതിനാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് ടി കേസ് തുടരന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ടി കേസ് സംബന്ധിച്ച് മറ്റ് വിവരങ്ങളൊന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ